# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 30-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -17)

750)ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ
751)ഗ്രാമവികസന വകുപ്പിനു കീഴിൽ നടപ്പാക്കിയ കേന്ദ്രപദ്ധതികൾ
752)പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നടപടി
753)ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡം
754)രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത പ്രൈവറ്റ് ആശുപത്രികളുടെ പ്രവർത്തനം തടയാൻ നടപടി
755)സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഡെപ്യൂട്ടേഷൻ നിയമനം പിൻവലിക്കാൻ നടപടി
756)ഡി. ആർ.ഡി.എ കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും വരുത്തിയമാറ്റം
757)സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം
758)കേരള വികസന പദ്ധതി
759)കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ്ഡവലപ്മെന്റ് പ്രോജക്ട്
760)മെഡിക്കൽ വിദ്യാഭ്യാസത്തിൽ അടിയന്തിര ചികിത്സ നിർബന്ധിത വിഷയമാക്കാൻ നടപടി
761)പദ്ധതി രൂപകൽപ്പന ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ നടപടി
762)വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും
763)ഗവണ്മെന്റ് ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ ആധുനിക സൗകര്യങ്ങൾ
764)ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി
765)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള പദ്ധതി ഫണ്ട്.
766)സ്വകാര്യ മേഖലയിൽ സംവരണം എർപ്പെടുത്താൻ നടപടി

### ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

*750. ശ്രീ. പി.ജെ. ജോയി :
പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീമതി മേഴ്സി രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി.വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവൽക്കരണവും ഉദാരവൽക്കരണവും സംസ്ഥാനത്തെ ഏതെല്ലാം വിധത്തിൽ അനുകൂലമായും പ്രതികൂലമായും ബാധിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും പ്രതികൂല ഘടകങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പാക്കി;

(സി) ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുവാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):**

(എ) ആഗോളവത്ക്കരണവും ഉദാരവത്ക്കരണവും മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലെ എല്ലാ മേഖലകളേയും അനുകൂലമായും പ്രതികൂലമായും സ്വാധീനിച്ചിട്ടുണ്ട്.

<u>സംസ്ഥാനത്തിനു ദോഷകരമായ ഘടകങ്ങൾ</u> :

1. റബർ, നാളികേരം, തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഇറക്കുമതി ഇവിടുത്തെ ഉൽപ്പന്നങ്ങളുടെ വിലയിടിവിന് കാരണമാകുകയും സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.
2. വ്യത്യസ്ഥ മേഖലകളിൽ സ്ഥിരതയില്ലാത്ത തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവണത ഉളവാക്കി.
3. കാർഷികോല്പന്നങ്ങളുടേയും പെട്രോളിയം ഉത്പന്നങ്ങളുടേയും വിലകളിൽ അസ്ഥിരതയുണ്ടാക്കി.

<u>സംസ്ഥാനത്തിന് അനുകൂലമായ ഘടകങ്ങൾ താഴെപ്പറയുന്നു.</u>

1. സംസ്ഥാനത്തിന്റെ വ്യത്യസ്ഥ വികസന മേഖലകളിൽ, ഉദാഹരണത്തിന് വിവര സാങ്കേതിക വിദ്യാരംഗത്ത്, വിദേശ മുതൽ മുടക്ക് ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾഡ സൃഷ്ടിക്കുവാനുമുള്ള സാധ്യതകൾ ഉണ്ടായി.
2. അന്താരാഷ്ട്ര വിപണിയിലെ മാത്സര്യം സംസ്ഥാനത്തുനിന്നുള്ള കയറ്റുമതി ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്.
3. വിദേശത്തുനിന്നുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അവസരമുണ്ടാക്കി.
4. ഉദാരവത്ക്കരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്വകാര്യപങ്കാളിത്തം ഉറപ്പാക്കാനും അതുവഴി ഈ മേഖലയുടെ വിപുലീകരണത്തിനും സഹായിച്ചു.
5. വിദേശ രാജ്യത്തിലുണ്ടായ മൂല്യവർദ്ധന കയറ്റുമതി വരുമാനം ഉയരുന്നതിന് കാരണമായി.
6. സംസ്ഥാനത്തെ വാർത്താവിതരണ മേഖലയുടെ വികസനം സാദ്ധ്യമാക്കി.
7. വിദേശത്തുനിന്നുമുള്ള പണമടവിൽ ഗണ്യമായ വർദ്ധനയുണ്ടായി.
8. വിനോദസഞ്ചാര മേഖലയുടെ വളർച്ചയെ സഹായിച്ചു.

(ബി) ആഗോളവത്ക്കരണത്തിന്റേയും ഉദാരവത്ക്കരണത്തിന്റേയും ദോഷഫലങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിക്കാതിരിക്കാൻ കൈക്കൊണ്ട നടപടികൾ താഴെപ്പറയുന്നവയാണ്.

1. ലോകവ്യാപാര സംഘടനയുമായുള്ള കരാർ സംസ്ഥാനത്തുളവാക്കുന്ന ഗുണദോഷഫലങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി ശ്രീ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മിഷനെ നിയമിച്ചു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഒരു 'ഡബ്ള്യൂ.ടി.ഒ. സെൽ' രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.
2. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒരു 'അഗ്രിക്കൾച്ചറൽ എക്സ്പോർട്ട് സോൺ ' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
3. ആഗോളവത്ക്കരണത്തിന്റേയും ഉദാരവത്ക്കരണത്തിന്റേയും ദോഷഫലങ്ങൾ അനുഭവിക്കുന്ന പാവപ്പെട്ടവരേയും അഗതികളേയും കണ്ടെത്തി അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതി സോഷ്യൽ സേഫ്റ്റിനെറ്റ്-ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വനിതകൾക്ക് നൂതനരീതിയിലുള്ള തൊഴിലവസരങ്ങൽ നൽകുന്നതിനുള്ള പരിപാടികൾ കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്നു.
5. പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്നതിനുവേണ്ടി 50 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) ആഗോളവത്ക്കരണവും ഉദാരവത്ക്കരണവും അനുകൂലമാക്കി തീർക്കുവാൻ കൈക്കൊണ്ട നടപടികൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനത്തിന്റെ വ്യത്യസ്ഥ വികസന മേഖലകളിൽ മുതൽമുടക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചു.
2. പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആഗോളതലത്തിലുള്ള നൂതന സങ്കേതങ്ങൾ സ്വീകരിച്ചുകൊണ്ട് അവയെ വൈവിദ്ധ്യവത്ക്കരിക്കുന്നതിനും സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പുനസംഘടിപ്പിക്കുന്നതിനുമുള്ള ഒരു പരിപാടി നടപ്പാക്കിവരുന്നു. ഇതിനുവേണ്ടി സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി 50 കോടിരൂപ വാർഷിക പദ്ധതിയിൽ നീക്കിവച്ചു.
3. കയറ്റുമതിക്കുള്ള ക്ഷീരോത്പ്പന്നങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനുവേണ്ട നടപടികൾക്ക് രൂപം നൽകുന്നതിന് മിൽമയും നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡും തമ്മിൽ ഒരു കരാറിലേർപ്പെട്ടു. കൂടാതെ, ലൈവ് സ്റ്റോക്ക് ആന്റ് മറൈൻ പ്രോഡക്ട്സ് ലാബറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി പ്രത്യേക കേന്ദ്രസഹായമായി നടപ്പുവർഷത്തേയ്ക്ക് മൂന്നുകോടി രൂപ നീക്കിവച്ചു.
4. കൊച്ചിയിലെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് ഏജൻസിയുടെ കീഴിൽ സ്ഥാപിതമായ ലാബറട്ടറിയുടെ സഹായത്തോടെ സംസ്ഥാനത്തുനിന്നുള്ള കയറ്റുമതി ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു.
5. മൃഗസംരക്ഷണ മേഖലയിൽ ഒരു 'രോഗ വിമുക്തമേഖല' സ്ഥാപിച്ചു.
6. വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലയുടെ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി.
7. ഒരു 'വിർചൽ യൂണിവേഴ്സിറ്റി' സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി.
8. സംസ്ഥാന സമ്പത്ഘടനയുടെ വളർച്ച ത്വരിതപ്പെടുത്താനുതകുന്ന നിയമപരിഷ്ക്കാരങ്ങൽ നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു നിയമ പരിഷ്ക്കാര സമിതിയെ നിയമിക്കുകയും അതിന്റെ ശുപാർശകൾ നടപ്പാക്കി വരികയും ചെയ്യുന്നു.

## ഗ്രാമവികസന വകുപ്പിനു കീഴിൽ നടപ്പാക്കിയ കേന്ദ്രപദ്ധതികൾ

*751. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വരുന്ന ഏതെല്ലാം കേന്ദ്രപദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്;

(ബി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്ന് എത്ര കോടി രൂപ വീതമാണ് പ്രസ്തുത ഓരോ പദ്ധതിക്കും ലഭിച്ചത്; എത്ര കോടി രൂപവീതം ഓരോ പദ്ധതിക്കും കൂടി ചെലവഴിച്ചു ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രപദ്ധതി പ്രകാരം ഗ്രാമീണ ജനതയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും തുക ചെലവഴിക്കുകയുണ്ടായോ; എങ്കിൽ ഓരോ വർഷവും വിവിധ പദ്ധതികൾക്കുവേണ്ടി എത്ര കോടി രൂപ വീതം ചെലവഴിക്കുകയുണ്ടായി ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) :**

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സ്വർണ്ണജയന്തി ഗ്രാമസ്വ റോസ്ഗാർയോജന (എസ്.ജി.എസ്.വൈ)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർയോജന (എസ്.ജി.ആർ.വൈ.)
4. സമ്പൂർണ്ണ ശുചിത്വയജ്ഞം.
5. പ്രധാനമന്ത്രിയുടെ ഗ്രാമീണസഡ്ക്യോജന (പി.എം.ജി.എസ്.വൈ.)
6. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ള്യൂ.ഡി.പി.)
7. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ സ്കീം.
8. ക്രഡിറ്റ് കം സബ്സിഡി സ്കീം.

(ബി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ ഓരോ പദ്ധതിയ്ക്കും കേന്ദ്രത്തിൽനിന്നും ലഭിച്ച തുക, ഓരോ പദ്ധതിയ്ക്കും വേണ്ടി ചെലവഴിച്ച ആകെ തുക എന്നിവ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ നിന്ന് 2001-2002 സാമ്പത്തികവർഷം 38.74കോടിരൂപയും 2002-2003 സാമ്പത്തികവർഷം 42.57 കോടിരൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനവിഹിതം വഹിക്കുന്നതിനായി ചെലവഴിക്കുകയുണ്ടായി. ഓരോവർഷവും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക ചുവടെ കൊടുത്തിരിക്കുന്നു.

| | പദ്ധതി | വർഷം രൂപാ കോടിയിൽ | | |
|---|---|---|---|---|
| | | **2001-2002** | **2002-2003** | **ആകെ** |
| 1. | എസ്.ജി.എസ്.വൈ | 3.47 | 4.18 | 7.65 |
| 2. | ഇന്ദിരാ ആവാസ് യോജന | 11.17 | 11.00 | 22.17 |
| 3. | സമ്പൂർണ്ണ ഗ്രാമീൺ(1) | 11.49 | 11.08 | 22.57 |
| | റോസ്ഗാർ യോജന(2) | 10.86 | 12.47 | 23.33 |
| 4. | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1.57 | 3.84 | 5.41 |
| 5. | തരിശുഭൂമി വികസന പദ്ധതി | 0.15 | - | 0.15 |
| 6. | ക്രഡിറ്റ് കം സബ്സിഡി സ്കീം | 0.03 | - | 0.03 |
| | ആകെ | 38.74 | 42.57 | 81.31 |

## പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നടപടി

*752. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ.: പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജശക്തി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സൗര ഗ്രാമ വൈദ്യുതീകരണ പരിപാടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിന് എന്തു തുകയുടെ സഹായമാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എന്തു തുക വീതം ഒന്നും രണ്ടും ഘട്ടങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി പാരമ്പര്യേതര ഊർജ്ജ് സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, ചെറുകിട ജലശക്തി, ജൈവോർജ്ജം തുടങ്ങിയവയിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേക്കായി കേരളത്തിൽ ഇത്തരത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള 16 പ്രദേശങ്ങളിൽ പദ്ധതികൾ തുടങ്ങുന്നതിന് താൽപ്പര്യമുള്ളവരിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പത്രപരസ്യം മുഖേന ക്ഷണിച്ചിട്ടുണ്ട്.

(സി) സൗരഗ്രാമ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിലേക്കായി 396.9 ലക്ഷം രൂപയുടേയും രണ്ടാം ഘട്ടത്തിലേക്കായി 861.116 ലക്ഷം രൂപയുടേയും കേന്ദ്രസഹായമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) തുക മുഴുവനും ചെലവഴിച്ചു.

## ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡം

*753. ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു.സി. രാമൻ :
ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടോ ;

(ബി) സൗജന്യ ചികിത്സ ലഭിക്കുന്നതിന് രോഗികൾക്ക് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിധി എത്രയാണ് ;

(ഡി) ഈ പരിധി കഴിഞ്ഞ വരുമാനക്കാരായ രോഗികളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പൂർണ്ണമായും സൗജന്യചികിത്സ നൽകുന്ന ഗവൺമെന്റ് ആശുപത്രികൾ എത്ര; അവ എവിടെയെല്ലാം ;

(എഫ്) സൗജന്യ ചികിത്സാ സൗകര്യം സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവേദ, ഹോമിയോ ആശുപത്രികളിലും ലഭ്യമാണോ ;

(ജി) സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ആരിൽ നിന്നാണ് ഹാജരാക്കേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്ന്;

(എച്ച്) 1991-ൽ ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യ ചികിൽസ നൽകിയിരുന്ന രീതിയിൽ തന്നെയാണോ ഇപ്പഴും സൗജന്യ ചികിത്സ നൽകുന്നത്, അല്ലെങ്കിൽ വ്യത്യാസം വിശദമാക്കുമോ ;

(ഐ) പല താഴ്ന്ന വരുമാനക്കാർക്കും റേഷൻ കാർഡിൽ ബി.പി.എൽ. രേഖപ്പെടുത്താത്തതുകൊണ്ട് സൗജന്യ ചികിത്സ ലഭ്യമാകാത്ത ബുദ്ധിമുട്ട് പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രതിമാസം 1500/- രൂപ.

(ഡി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും 1500 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് സൗജന്യ ചികിത്സയും, 1500 രൂപയിൽ കൂടുതൽ വരുമാനമുള്ള എല്ലാ രോഗികളിൽ നിന്നും എല്ലാ സർവ്വീസുകൾക്കും നാമമാത്രമായ ഫീസും ഈടാക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും 1500 രൂപയിൽ താഴെ വരുമാനമുള്ള എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്നുണ്ട്.

(എഫ്) ലഭ്യമാണ്.

(ജി) ഉണ്ട്. പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥൻ.

(എച്ച്) അല്ല. 8-2-1994-ലെ ജി.ഒ.(പി).27/94/ആകുവ എന്ന ഉത്തരവ് അനുസരിച്ചാണ്

(ഐ) ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്ക് സ്വയം തീരുമാനമെടുത്ത് ചികിത്സ നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ജെ) ബാധകമല്ല.

**<u>രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത പ്രൈവറ്റ് ആശുപത്രികളുടെ പ്രവർത്തനം തടയാൻ നടപടി</u>**

*754. ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ആശുപത്രികളുടെ രജിസ്ട്രേഷൻ. ലൈസൻസ് എന്നീ ഇനങ്ങളിൽ സർക്കാരിന് എന്തെങ്കിലും വരുമാനമുണ്ടോ ;

(ബി) ഇല്ലെങ്കിൽ രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത പ്രൈവറ്റ് ആശുപത്രികളുടെ പ്രവർത്തനം തടയാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ(ആരോഗ്യ വകുപ്പുമന്ത്രി) :**

(എ), (ബി) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ തുടങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് ഫീസും നിശ്ചയിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന സ്ഥാപനങ്ങൾ മൂന്നുമാസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ ഈ രജിസ്ട്രേഷൻ വർഷംതോറും പുതുക്കേണ്ടതുമാണ്. ഇതിനും ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

,(സി) നിലവിലുള്ള നിയമപ്രകാരം ഇക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കേണ്ടതാണ്. സർക്കാർ തലത്തിൽ നടപടി ആവശ്യമെന്ന് കാണുന്നപക്ഷം അക്കാര്യം പരിശോധിക്കുന്നതാണ്.

**<u>സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഡെപ്യൂട്ടേഷൻ നിയമനം പിൻവലിക്കാൻ നടപടി</u>**

*755. ശ്രീ. എം. കുമാരൻ :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി. നാരായണവ് :

ശ്രീ. പി.എസ്. സുപാൽ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഡപ്യൂട്ടേഷൻ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര അദ്ധ്യാപകർ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരുടെ പേരും തസ്തികയും ജോലി ചെയ്യുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ പേരും വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ളപ്പോൾ അദ്ധ്യാപകരെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്വാശ്രയ കോളേജുകൾക്ക് വിട്ടുകൊടുത്തതു വഴി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സർക്കാർ വ്യവസ്ഥകൾ അംഗീകരിക്കാത്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിപ്പിക്കുന്ന മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ ഡെപ്യൂട്ടേഷൻ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) (സി)&(ഡി) ബാധകമല്ല.

(ഇ) ഇപ്രകാരം ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് .

## ഡി. ആർ.ഡി.എ കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും വരുത്തിയമാറ്റം

756.ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ ടി.കെ. ദേവകുമാർ
ശ്രീ രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഡി. ആർ.ഡിഎ കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഡി. ആർ.ഡി.എ. ഏതെല്ലാം കേന്ദ്രവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതലയാണ് വഹിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന പണം ഡി.ആർ.ഡി. എ എപ്രകാരമാണ് ചെലവഴിക്കുന്നതെന്നും എവിടെയാണ് നിക്ഷേപിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഇ) വിവിധ ഏജൻസികൾ മുഖേന 2001-2002, 2002-2003 എന്നീവർഷങ്ങളിൽ എന്തു തുക ചെലവഴിച്ചു ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) & (ബി) - ഇല്ല. ഡി. ആർ.ഡി.എ കളുടെ ഭാവി സംബന്ധിച്ച കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഡി. ആർ.ഡി.എ. കളുടെ ഭരണ സമിതി (ഗവേണിംഗ് ബോഡി) പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് ഡി. ആർ.ഡി.എ മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സ്വർണ്ണ ജയന്തി ഗ്രാമ സ്വറോഖ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
3. സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്.ജി.ആർ. വൈ)
4. സമ്പൂർണ്ണ ശുചിത്വ യജ്ഞം
5. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ)
6. തരിശു ഭൂമി വികസന പരിപാടി
7. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ സ്കീം
8. ഗ്രാമീണ ഭവന നിർമ്മാണത്തിനുള്ള ക്രഡിറ്റ് കംസബ്സിഡി സ്കീം

(ഡി) വിവിധ ഗ്രാമവികസന പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി ഡി.ആർ.ഡി.എ.കൾക്ക് ലഭിക്കുന്ന പദണത്തിൽ ഡി.ആർ.ഡി.എ.യുടെ ഭരണ ചെലവ്, പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന നടപ്പാക്കുന്നതിനുള്ള ചെലവ് എന്നിവ ഡി.ആർ.ഡി.എ കൾ നേരിട്ടും, തരിശുഭൂമി വികസന പരിപാടിയുടെ നടത്തിപ്പിനുള്ള ചെലവ് ജില്ലാതല നീർത്തട വികസന സമിമതി മുഖേനയും മറ്റു പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കുന്നു. ഡി.ആർ.ഡി.എ കൾക്ക് ലഭിക്കുന്ന പണം ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്.

(ഇ) ഡി.ആർ.ഡി.എ. മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| 2001-2002 | -108.75 കോട |
| 2002-2003 | -187.16 കോടി രൂപ |

2002-2003 സാമ്പത്തിക വർഷം ചെലവഴിച്ച തുകയിൽ യൂണിസെഫിൽ നിന്നും കാസർഗോഡ്, മലപ്പുറം, ഡി.ആർ.ഡി.എ കൾക്കു ലഭിച്ച 25 ലക്ഷം രൂപയും ഉൾപ്പെടും.

## സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം

757. ശ്രീ. കളത്തിൽ അബ്ദുള്ള

ശ്രീ സി.മമ്മുട്ടി
ശ്രീ സി.ടി. അഹമ്മദ് അലി
ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീപി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ഗവൺമെന്റിന് ആവശ്യമുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതിനുവേണ്ടി ആവശ്യമില്ലാത്ത വലിയ ചെലവ് വരുന്ന ടെസ്റ്റുകൾ നടത്തുന്നതിനും പരിധിയിൽ കവിഞ്ഞ മുറിവാടകയും മറ്റും ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആതുര ശുശ്രൂഷ എന്ന ലക്ഷ്യംവിട്ട് കൊള്ളലാഭമുണ്ടാക്കുന്ന ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നിയമം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിന് വേണ്ട നിയമനിർമ്മാണം നടത്തി ജനങ്ങളെ ചൂഷണ് ചെയ്ത് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമോ ?

<u>**ഉത്തരം**</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ഡി) ഇല്ല.
(ഇ) ഇക്കാര്യം സജീവ പരിഗണനയിലാണ്.

## കേരള വികസന പദ്ധതി

758. ശ്രീ.കെ.സി. വെണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള വികസന പദ്ധതി എന്ന് മുതലാണ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതുവരെ ഏറ്റെടുത്തിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ വിജയം ഏതളവ്1 വരെയുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>**ഉത്തരം**</u>

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) 30.12.2002 ലെ ജി.ഒ. (പി) 208/02/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള വികസന പദ്ധതി ഡിസംബർ 9-ന് ഉത്ഘാടനം ചെയ്തു.

(ബി) ജനകീയാസൂത്രണം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ്. അതിലൂടെ നേടിയ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഉചിതമല്ലാത്ത നടപടിക്രമങ്ങളും സംവിധാനങ്ങളും ഒഴിവാക്കി, വികേന്ദ്രീകാസൂത്രണം വ്യവസ്ഥാപിതമാക്കുകയെന്നതാണ് കേരള വികസന ജദ്ധതിയുടെ ലക്ഷ്യം. വികേന്ദ്രീകൃതാസൂത്രണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക, പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടും ചെലവ് ചുരുക്കിയും നടപ്പാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ജൈവ ബന്ധം കൂടുതൽ ദൃഡമാക്കുക, ജനങ്ങളുടെ പ്രതികരണം ഉൾക്കൊണ്ട ഭരണം നടത്താൻ തദ്ദേശ ഭരണ സ്താപനങ്ങളെ പ്രാപ്തരാക്കുക, സംയോജിത പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് സാഹചര്യം സൃഷ്ടിക്കുക, മുതലായവയാണ് കേരള വികസന പദ്ധതിയെ ുട പ്രധാന ലക്ഷ്യങ്ങൾ.

(സി) വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുകയും തദ്ദെശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വേണ്ടി ബൃഹത്തായ ഒരു പ്രചരണ പരിപാടിയും ഒരു ആക്ഷൻ പ്ളാനുമാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.

ഒരു മാസക്കാലം നീണ്ടുനിന്ന പ്രചാരണ പരിപാടിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു.

1. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ ഭരണ സ്താപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിച്ചു.

2. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളും പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിച്ചു.
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് ആരംഭിച്ചു.
4. തിരുവനന്തപുരം ഒഴികെ നാല് കോർപ്പറേഷനുകളിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുകയുണ്ടായി.
5. വിദ്യാർത്ഥികൾക്ക് ക്വിസ്, പ്രബന്ധ രചനാമത്സരങ്ങൾ സംഘടിപ്പിച്ചു.
6. സംസ്ഥാന വികസന കൗൺസിൽ യോഗം ചേൻർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുളള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ളാൻ സർക്കാർ അംഗികരികരിക്കുകയും ചെയ്തു.
7. സർക്കാർ നവീകരണ പരിപാടി ആരംഭിച്ചു. ഈ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുളള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

എ) തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ആസ്തികൾ പുനരുദ്ധരിക്കുക.
ബി) സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുക.
സി) പൗരാവകാശ രേഖപ്രസിദ്ധീകരിക്കുക
ഡി) പൗര സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക.
ഇ) അക്കൗണ്ടുകളും രജിസ്റ്ററുകളും പുതുക്കി തയ്യാറാക്കുക.
എഫ്) ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ സേവനങ്ങൾ പ്രാവർത്തികമാക്കുക.
ജി) ഫ്രീസോഫ്റ്റ്വെയർ പ്രയോജനപ്പെടുത്തുക
എച്ച്) ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയ കൃഷി ഫാമുകളുടെ വികസനം
ഐ) ഏകഗ്രാമ കുടിവെളള പ്രോജക്ടുകൾ പുനരുദ്ധരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക
ജെ) സ്വത്ത് നികുതി നിർണ്ണയത്തിന്റെ ചട്ടങ്ങൾ പുതുക്കി തയ്യാറാക്കുക.
കെ) ധനകാര്യ മാൻജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കുക.
എൽ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ സേവന നിലവാരം മെച്ചപ്പെടുത്തുക.
എം) ഈ പരിപാടികൾ 2003-3004 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.
എൻ) വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തിക്കഴിഞ്ഞു.

(ഡി) കേരള വികസന പദ്ധതി പൂർത്തിയായിട്ടില്ലാത്തതിനാൽ വിലയിരുത്തുവാൻ സമയമായിട്ടില്ല.

## കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ്ഡവലപ്മെന്റ് പ്രോജക്ട്

759.ശ്രീ.ടി.കെ. ദേവകുമാർ
ശ്രീ വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി ലോകബാങ്കിന്റെയും നബാർഡിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡവലപ്മെന്റ് പ്രോജക്ട് ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കമ്മ്യൂണിറ്റി സെന്ററുകളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ഗവൺമെന്റ് തയ്യാറാക്കി നബാർഡിൽ സമർപ്പിച്ച പദ്ധതിയ്ക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(സി) ആയത് നടപ്പിലാക്കുന്നതിലെ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി ഈ പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ 810 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ട് ഇപ്പോൾ ലോകബാങ്കിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയ്ക്ക് നബാർഡിന്റെ ധനസഹായം ഇല്ല.

(ബി) സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

(സി) യും (ഡി) യും- 2002-2003 വർഷം ഗ്രാമീണ ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി 49 കോടി രൂപ ചെലവുവരുന്ന പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി

സമർപ്പിച്ചിട്ടുണ്ട്. 2003-04 വർഷത്തേക്ക് വേണ്ടി 70 കോടി രൂപയുടെ മറ്റൊരു പ്രോജക്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**മെഡിക്കൽ വിദ്യാഭ്യാസത്തിൽ അടിയന്തിര ചികിത്സ നിർബന്ധിത വിഷയമാക്കാൻ നടപടി**

760. ശ്രീ.കെ. നാരായണക്കുറുപ്പ്
ശ്രീ റോഷി അഗസ്റ്റിൻ
ശ്രീ തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകി

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരണപ്പെടുന്നവരിൽ നല്ലൊരുശതമാനവും അടിയന്തിര വൈദ്യസഹായം യഥാസമയം ലഭിക്കാത്തവരാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളും അടയന്തിര ചികിത്സാ പദ്ധതിയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടൊ എന്നറിയിക്കാമോ;
(സി) ഇല്ലെങ്കിൽ നിലവിൽ പ്രാക്ടീസ് നടത്തുന്ന എല്ലാഡോക്ടർമാർക്കും ഈ വിഷയത്തിൽ പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;
(ഡി) അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ മെഡിക്കൽ വിദ്യാഭ്യാസത്തിൽ നിർബന്ധിത വിഷയമാക്കാൻ നടപടി സ്വീകരിക്കുമോ ?
ഉത്തരം
ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)

(എ) റോഡപകടങ്ങളിൽ പ്പെടുന്നവർക്ക് അടിയന്തിര വൈദ്യസഹായം യഥാസമയം ലഭ്യമാക്കുന്നുണ്ട്. റോഡപകട്ങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരിൽ നല്ലൊരുശതമാനവും അടിയന്തിര വൈദ്യസഹായം ലഭിക്കാത്തവരാണെന്ന നിഗമനം ശരിയല്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ബി) & (സി) മെഡിക്കൽകോളേജാശുപത്രികളിലും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിലും അടിയന്തിര ചികിത്സാ പദ്ധതിയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്.
(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. മെന്ഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ വിഷയം സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പദ്ധതി രൂപകൽപ്പന ചെയ്യുന്ന ഉദ്യേഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ നടപടി**

761. ശ്രീ. ടി.പി.എം. സാഹിർ
ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ
ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ.പി.കെ.കെ.ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ നടപ്പാക്കുന്ന വാർഷിക പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാൻ പുറമേനിന്നുള്ള സ്വതന്ത്ര ഏജൻസികളെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടൊ;
(ബി) പല പദ്ധതികളും രൂപകൽപ്പന ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യക്കുറവ് പ്രോജക്ട് റിപ്പോർട്ടുകളുൽ പിഴവുണ്ടാക്കുകയും അത് പദ്ധതികളുടെ വിജയത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;
(സി) എങ്കിൽ ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുവാൻ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കുമോ ?

**ഉത്തരം**
**ശ്രീ.എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന വികസന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പുറമേ നിന്നുള്ള ഏജൻസികളെ നിയോഗിക്കുന്നതിന് ഉദ്ദേശമില്ല. അത്തരം പദ്ധതികളുടെ മേൽനോട്ടം ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ തന്നെ നിർവ്വഹിക്കുന്നതാണ്. എന്നാൽ വൻകിട പദ്ധതികളുടെ പ്രത്യേകിച്ച് വിദേശ സഹായത്തോടെ നടപ്പാക്കുന്നവയുടെ നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശത്തിനും മേൽനൊട്ടത്തിനുംവേണ്ടി പുറമേനിന്നുള്ളവ ഉൾപ്പെടെയുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്.
കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ രൂപം നൽകി നടപ്പാക്കുന്ന വികസന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച സമാന്തര വിലയിരുത്തൽ (കൺകറന്റ് ഇവാലുവേഷൻ) നടത്തുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്.
(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾക്ക് ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി രൂപം നൽകി നടപ്പാക്കുന്നതിന് പടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും**

762 ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. ടി.കെ.ബാലൻ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ബി) വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനം റിവ്യൂ ചെയ്യുന്നതിന് ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണ് ;

(സി) വകുപ്പുതല വിജിലൻസിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മാതൃകാപരമായ സേവനമനുഷ്ഠിച്ചവരാണ് എന്ന് ഉറപ്പു വരുത്തുവാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ ;

(ഡി) നിരവധി കേസുകളും ആക്ഷേപങ്ങളും നിലവിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ വകുപ്പുതല വിജിലൻസിലേക്ക് നിയമിച്ചതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരം ആളുകളെ മാറ്റി നിർത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി ( മുഖ്യമന്ത്രി ):**

(എ) വകുപ്പുതല വിജിലൻസിന്റെ പ്രവർത്തനം ഒരു വിജിലൻസ് ഓഫീസറുടെ നിയന്ത്രണത്തിലാണ്. എല്ലാ വകുപ്പുകളിലെയും പൊതുമേഖലാസ്ഥാപനങ്ങളിലെയും സീനിയറായിട്ടുള്ള (നംപർ 2 ലെവൽ ) ഓഫീസർമാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ വകുപ്പു മേധാവികളുടെ നിർദ്ദേശപ്രകാരം വിജിലൻസ് ഡയറക്ടറിൽ നിന്നും ക്ളിയറൻസ് വാങ്ങിയ ശേഷം വിജിലൻസ് ഓഫീസർമാരായി നിയമിക്കുന്നു. വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ അഴിമതിയുണ്ടെന്ന് തെളിഞ്ഞാൽ മേൽ നടപടിക്കായി സെക്രട്ടേറിയറ്റിലെ വിജിലൻസ് ഡിപ്പാർട്ടമെന്റിനു കൈമാറുക എന്നതാണ് ഈ സെല്ലിന്റെ ചുമതല.

(ബി) വിജിലൻസ് കേസിന്റെ പ്രതിമാസ അവലോകന റിപ്പോർട്ട് ഓരോ വകുപ്പിൽനിന്നും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. വിജിലൻസ് ഓഫീസർമാരുടെ കോൺഫറൻസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. വിജിലൻസ് ഓഫീസർമാരുടെ വകുപ്പുതല വിജിലൻസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ സുപ്രധാന കാര്യങ്ങളും പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമാണ്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

**ഗവണ്മെന്റ് ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ ആധുനിക സൗകര്യങ്ങൾ**

763 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. എൻ.രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിന്റെ ഫലമായി ഔഷധങ്ങളുടെ വീര്യം നശിച്ചുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവണ്മെന്റ് ആശുപത്രികളിലെ ഡ്രഗ്ഗ് സ്റ്റോറുകളിൽ ശാസ്ത്രീയമായ രീതിയിലുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ.പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി )**

(എ) ഇത്തരം സാഹചര്യം നിലവിലില്ല.

(ബി) എല്ലാ മെഡിക്കൽ സ്റ്റോറുകളും കംപ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എം.ജി.പി.പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മരുന്ന് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ശീതീകരണ സംവിധാനം, കംപ്യൂട്ടർവല്ക്കരണം തുടങ്ങിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

**ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി**

764 ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങൾ പെരുകി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ ;

(സി) അനധികൃതമായി പെരുകി വരുന്ന ഇത്തരം സ്ഥാപനങ്ങൾ അറിഞ്ഞോ അറിയാതെയോ വാഹനമോഷ്ടാക്കളെ സഹായിക്കുന്ന വിധത്തിലുള്ളതാണെന്ന സംഗതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രണവിധേയമാക്കുന്നതിനും ഇതുവഴിയുള്ള ദുരുപയോഗം തടയുന്നതിനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ) ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങൾ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് പോലീസ് വകുപ്പിൽ നിന്നും നിബന്ധനകൾ ഒന്നും വച്ചിട്ടില്ല.

(സി) വാഹനമോഷ്ടാക്കൾ ഇത്തരം സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്തതായി കേസുകളൊന്നും നിലവിവിലില്ല. താക്കോലിന്റെ യഥാർത്ഥ ഉടമ ആവശ്യപ്പെട്ടാൽ മാത്രമേ ഡ്യൂപ്ലിക്കേറ്റ് താക്കോൽ നിർമ്മിച്ചു കൊടുക്കാറുള്ളു. എന്നിരുന്നാലും പോലീസ് ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നുണ്ട്.

(ഡി) ആലോചിക്കാവുന്നതാണ്.

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള പദ്ധതി ഫണ്ട്.</u>**

765 ശ്രീ. എം.വി.ജയരാജൻ :
ശ്രീ.ടി.കെ.ബാലൻ :
ശ്രീ. കെ.വി.കുഞ്ഞിരാമൻ :
ഡോ.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള പദ്ധതി ഫണ്ട് സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം നടപടി സ്വീകരിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ട് തിരിച്ചടയ്ക്കുന്നതു മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ് പൂർണ്ണമായും നിലയ്ക്കുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള ( തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)

(ബി) കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ചട്ടം 282(5) (ബി) പ്രകാരം പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക അതാത് വർഷം മാർച്ച് 31ന് മുമ്പ് ചെലവഴിക്കേണ്ടതാകുന്നു. ചട്ട പ്രകാരം പി.ഡി. അക്കൗണ്ടുകൾ മാർച്ച് 31ന് ക്ലോസ് ചെയ്യേണ്ടതും ആവശ്യമെങ്കിൽ അടുത്തവർഷം പുതിയ പി.ഡി. അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അക്കൗണ്ടുകൾ ട്രഷറി അക്കൗണ്ടുമായി കൃത്യമായി റികൺസിലിയേഷൻ നടത്തിയിട്ടില്ല. റികൺസിലിയേഷൻ നടത്താത്തതു കാരണം പല സാമ്പത്തിക ക്രമക്കേടുകൾക്കും സാധ്യതയേറുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ഭീമമായ തുക ചെലവവഴിക്കപ്പെടാതെ കിടക്കുകയാണ്. പി.ഡി. അക്കൗണ്ടിൽ തുക ചട്ട വിരുദ്ധമായി സൂക്ഷിക്കുന്നതുകൊണ്ട് പദ്ധതി നിർവഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടത്ര താല്പര്യം ഉള്ളതായി കാണുന്നില്ല. അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് എന്നീ വിഭാഗങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യാപകമായ ക്രമക്കേടുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കൺവീനർമാരുടെ പേരിൽ കൊടുത്ത കോടിക്കണക്കിനു രൂപയുടെ അഡ്വാൻസ് തുക പണികൾ തുടങ്ങാതെയും തിരിച്ചു

പിടിക്കാനാവാതെയും അവശേഷിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുകയും എപ്പോൾ വേണമെങ്കിലും തുക പിൻവലിക്കാമെന്നതുകൊണ്ടും സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധന മാനേജ്മെന്റ് മെച്ചപ്പെടുത്താനും ക്രമീകരിക്കാനുമുദ്ദേശിച്ചാണ് പ്രസ്തുത ഉത്തരവ് ഇറക്കിയത്. കഴിഞ്ഞ വർഷം വരെ പദ്ധതി വിഹിതം ത്രൈമാസ ഗഡുക്കളായിട്ടാണ് നൽകി വന്നിരുന്നത്. 2003-04 വർഷം മുതൽ പദ്ധതി വിഹിതത്തെ മാസഗഡുക്കളായി നൽകുവാനും ഇപ്രകാരം നൽകുന്ന വിഹിതത്തെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഇല്ല.

(ഡി) ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ പദ്ധതി പ്രവർത്തനം തടസ്സപ്പെടുകയില്ല. ഡി.പി.സി. അംഗീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് സ്പിൽഓവർ ഇനത്തിൽ പുതിയ പി.ഡി.അക്കൗണ്ടിൽ നിന്നും തുക നൽകാവുന്നതാണ്.

**സ്വകാര്യ മേഖലയിൽ സംവരണം എർപ്പെടുത്താൻ നടപടി**

766 ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിൽ സംവരണം എർപ്പെടുത്തണമെന്ന് ഉയർന്നുവന്നിട്ടുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ചുള്ള സംസ്ഥാന ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.